അടോട്ട് വി. സി. ബി. ക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് നടപടി

86 [543] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ അജാന്തർ പഞ്ചായത്തിൽ അടോട്ട് തോടിന് കുറുകെയുള്ള അടോട്ട് വി. സി. ബി.ക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) തടസ്സം നീക്കി എപ്പോൾ ടെണ്ടർ ചെയ്യാനാവും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 52 ലക്ഷം രൂപയ്ക്കുള്ള നബാർഡ് സഹായം 2-7-2004-ൽ ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) 2004-ലെ നിരക്ക് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിൽ നിന്നും അംഗീകാരം ലഭിക്കേണ്ടതുണ്ട്.

തലസ്ഥാന മേഖലയിൽ സ്വീവറേജ് സൗകര്യം വ്യാപിപ്പിക്കാൻ നടപടികൾ

87 [544] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം തലസ്ഥാന മേഖലയിൽ സ്വീവറേജ് സൗകര്യം വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം നഗരത്തിലെ എല്ലാ ജനവാസ കേന്ദ്രങ്ങളിലും സ്വീവറേജ് സംവിധാനം ഇപ്പോൾ ഉറപ്പാക്കിയിട്ടുണ്ടോ;

(സി) തിരുവനന്തപുരം നഗരപ്രാന്തത്തിലെ കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ് പഞ്ചായത്ത് പ്രദേശങ്ങളിൽ സ്വീവറേജ് സൗകര്യം വ്യാപിപ്പിക്കാൻ കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 'എ' ബ്ലോക്കിൽ ഉൾപ്പെട്ട വിപുലീകരണ പദ്ധതിയുടെ ഭാഗമായി 1200 എം. എം. പാരലൽ മെയിനിന്റെ പണിയും, കുര്യാത്തിയിൽ ഒരു പുതിയ പമ്പ് ഹൗസിന്റെ പണിയും, കുര്യാത്തി മുതൽ മുട്ടത്തറ വരെ 900 എം. എം. വ്യാസമുള്ള പമ്പിംഗ് മെയിനിന്റെ പണിയും പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

'എ' ബ്ലോക്കിൽ ഉൾപ്പെട്ട മേലാറന്നൂർ പ്രദേശത്തെ വിപുലീകരണ പദ്ധതികളുടെ പണികളിൽ ഏകദേശം 2 കി. മീ. പൈപ്പ് സ്ഥാപിക്കുന്ന പണി പൂർത്തിയായി. 285 ലക്ഷം രൂപ മതിപ്പ് ചെലവുള്ള ആരന്തൂർ പമ്പുഹൗസുമായി ബന്ധപ്പെട്ട പണികൾ പൂർത്തിയാകുന്നതോടുകൂടി മേലാറന്നൂർ പ്രദേശത്തെ സ്വീവറേജ് ഓവർഫ്ളോയ്ക്ക് പരിഹാരമാകുന്നതാണ്. ഏകദേശം 20,000 പേർക്ക് ഈ പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കും.

'ബി' ബ്ലോക്കിൽ ഉൾപ്പെട്ട പേട്ട ഭാഗത്തുള്ള ഭഗത്സിംഗ് റോഡിലെ 10 ലക്ഷം രൂപ എം. എൽ. എ. ഫണ്ട് ഉൾപ്പെടെ 60 ലക്ഷം രൂപ മതിപ്പ് ചെലവുള്ള ടെണ്ടർ ചെയ്ത് അറേഞ്ച് ചെയ്തിട്ടുള്ള പണികൾ റോഡിൽക്കൂടി ഇടുവാനുള്ള അനുമതി പി. ഡബ്ല്യൂ. ഡി. യിൽ നിന്നും ലഭിച്ചിട്ടില്ല.

'ഡി' ബ്ലോക്കിൽ ഉൾപ്പെട്ട മുറിഞ്ഞപാലം, പട്ടം, കേശവദാസപുരം, മുട്ടട, കുറവൻകോണം, അമ്പലമുക്ക്, കവടിയാർ എന്നീ പ്രദേശങ്ങളിലെ സ്വീവറേജ് പണിയും, മുറിഞ്ഞപാലത്തും പ്ലാമൂട്ടിലുമുള്ള പുതിയ പമ്പുഹൗസിന്റെ പണിയും പൂർത്തീകരിച്ച് 2004-ൽ കമ്മീഷൻ ചെയ്തു. ഇതിന് ഏകദേശം 36.5 കോടി രൂപ ചെലവായിട്ടുണ്ട്. ഇത് പൂർത്തിയായതോടുകൂടി ഈ പ്രദേശത്തെ ഏകദേശം 30,000 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

'ഇ' ബ്ലോക്കിൽ ഉൾപ്പെട്ട പൈപ്പിൻമൂട്, ഊളമ്പാറ, പേരൂർക്കട, മണ്ണാൻമൂല എന്നീ പ്രദേശങ്ങളിലെ സ്വീവറേജ് ലൈനിന്റെ പണികൾ പൂർത്തീകരിച്ച് 2004-ൽ കമ്മീഷൻ ചെയ്തു.

(ബി) തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തിന് പ്രയോജനം ലഭിക്കത്തക്ക വിധമുള്ള ഒരു സ്വീവറേജ് പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം കൊടുത്ത് ഘട്ടം ഘട്ടമായി നടപ്പിലാക്കിവരികയാണ്. ഓരോ കുടുംബത്തിനും പ്രത്യേകമായിട്ടുള്ള സാനിറ്റേഷൻ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) 13.40 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതിക്കുള്ള ആവശ്യമായിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ സാങ്കേതികമായ വശങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

മാള നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എൽ. ഐ. സ്കീമുകൾ

88 [545] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എൽ. ഐ. സ്കീമുകളായ അഷ്ടമിച്ചിറ, മംഗലംകുളം-പൂപ്പത്തി, പുത്തൻചിറ എന്നിവ ഈ വർഷം പ്രാവർത്തികമാക്കാൻ കഴിയുമോ;

LIBRARY ARCHIVES Kerala Legislative Assembly